EF-158-2024

# ICAR-IIHR മഷ്രൂം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ



മഷ്രൂം ഗവേഷണ ലാബ്
വിള സംരക്ഷണ വിഭാഗം
ICAR–ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച്

## ആമുഖം

- പോഷകാഹാരക്കുറവ് ഇന്ത്യയിലെ ഒരു പ്രധാന പ്രശ്നമാണ്. പ്രത്യേകിച്ചും ഗ്രാമീണ ഇന്ത്യയിലെ സസ്യാഹാരികളിലും സ്ത്രീകളിലും ഇതൊരു പ്രധാന പ്രശ്നമാണ്.
- പ്രോട്ടീൻ, നാരുകൾ, അയൺ, വിറ്റാമിൻ ബി & ഡി, പൊട്ടാസ്യം, ഫോസ്ഫറസ്, സെലിനിയം, കോപ്പർ എന്നിവയുടെ നല്ലൊരു ഉറവിടമാണ് കൂൺ.
- രോഗപ്രതിരോധ ഉത്തേജകങ്ങളായ പോളിസാക്കറൈഡുകളും കാൻസർ പ്രതിരോധ ഘടകങ്ങളും അവയിൽ അടങ്ങിയിട്ടുണ്ട്
- കുറഞ്ഞയളവിൽ മാത്രം ഊർജ്ജം, കൊഴുപ്പ്, പഞ്ചസാര അടങ്ങിയതിനാൽ കൊളസ്ട്രോൾ, ട്രൈഗ്ലിസറൈഡുകൾ എന്നിവ കുറക്കാനുള്ള കഴിവുള്ളതുകൊണ്ട് പ്രമേഹരോഗികൾക്കും ഹൃദ്രോഗികൾക്കും കൂൺ വളരെ നല്ലതാണ്.
- കൂൺ ദൈനംദിന ഭക്ഷണത്തിന്റെ ഭാഗമാകുന്നത് പോഷകാഹാരക്കുറവ് ലഘൂകരിക്കാൻ സഹായിക്കും. ഇതിനായി വിവിധ കൂൺ ഉൽപ്പന്നങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമാണ്.
- ICAR-IIHR വികസിപ്പിച്ച മൂല്യവർധിത ഉൽപ്പന്നങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

## അർക്ക കൂൺ ഇൻസ്റ്റന്റ് രസം പൊടി

- പ്രോട്ടീനുകളുടെ മികച്ച ഉറവിടമായ മഷ്രൂം ഫോർട്ടിഫൈഡ് ഇൻസ്റ്റന്റ് രസം മിക്സ് ബീൻസ്, ഗ്രീൻപീസ് ഒഴികെയുള്ള പച്ചക്കറികളേക്കാളും പഴങ്ങളേക്കാളും മികച്ചതാണ്
- ദൈനംദിനാവശ്യത്തിന്റെ (RDI) 29% വിറ്റാമിൻ B2 (റൈബോഫ്ലേവിൻ), 23% നിയാസിൻ എന്നിവ നല്കുന്നതോടൊപ്പം കൂണുകൾ വിറ്റാമിൻ D യുടെ സ്വാഭാവിക വെജിറ്റേറിയൻ ഉറവിടവുമാണ് .
- ദൈനംദിന ഭക്ഷണത്തിലുൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ദക്ഷിണേന്ത്യയിലെ മിക്ക വീടുകളിലും ദൈനംദിന വിഭവമായ രസത്തിൽ കൂൺ ചേർത്ത ഈ ഉത്പന്നം വികസിപ്പിച്ചെടുത്തത്

- ഇവയുടെ ദിവസേനയുള്ള ഉപഭോഗം പോഷണം വർധിപ്പിക്കുക മാത്രമല്ല, ഈ ഉൽപ്പന്ന നിർമ്മാണം ഒരു ചെറുകിട വ്യവസായമാക്കുന്നതു വഴി ഗ്രാമീണ സ്ത്രീകളുടെ വരുമാനവും കൂട്ടുന്നു
- ഉണക്കിയ ചിപ്പികൂണുപയോഗിച്ച് രസം മിക്സ് ഉണ്ടാകുന്നതിനാൽ, ഈ സാങ്കേതിവിദ്യ ഇന്ത്യയിൽ ചിപ്പിക്കൂൺ ഉത്പാദനവും സംഭരണ കാലാവധിയും വർധിപ്പിക്കുന്നതിന് സഹായകമാണ്



## ഇൻസ്റ്റന്റ് രസം പൊടിയുടെ പോഷകഘടന

| പോഷക ഘടകം | രസം പൊടി | |
|---|---|---|
| | സാധാരണ രസം മിക്സ് | കൂൺ ചേർത്ത രസം മിക്സ് |
| പ്രോട്ടീൻ | 17.44% | 20.84% |
| അന്നജം | 25.48% | 27.69% |
| കൊഴുപ്പ് | 13.02% | 9.5% |
| നാര് | 9.2% | 10.4% |
| ബയോട്ടിൻ | 0.857 mg/100g | 2.545 mg/100g |
| സയനോക്കോബാളമിൻ | 0.000 mg/100g | 0.004 mg/100g |
| ഫോളിക് ആസിഡ് | 0.0025 mg/100g | 0.059 mg/100g |
| നിയാസിൻ | 39.45 mg/100g | 156.00 mg/100g |
| പാന്റോതെനിക് ആസിഡ് | 15.09 mg/100g | 270.083 mg/100g |
| പിരിഡോക്സിൻ | 1.829 mg/100g | 8.097 mg/100g |
| റൈബോഫ്ലേവിൻ | 1.62 mg/100g | 9.061 mg/100g |
| തൈമിൻ | 0.390 mg/100g | 2.554 mg/100g |

## അർക്ക കൂൺ ചമ്മന്തി പൊടികൾ

- ഗ്രാമീണ–നഗരവാസികളുടെ ദൈനംദിന പോഷകാഹാരവർധന ലക്ഷ്യംവെച്ച് ഉരുത്തിരിച്ച ഉല്പന്നമാണ് ഉണക്കിയ ചിപ്പിക്കൂൺ ചേർത്തുണ്ടാക്കിയ ചമ്മന്തിപ്പൊടി.
- ആളുകൾക്ക് ഉണങ്ങിയ കൂണിൻെറ ഉപയോഗത്തെ കുറിച്ചും ദൈനംദിന ഭക്ഷണത്തിൽ ഇവ ഉൾപ്പെടുത്തി രുചിയും പോഷണവും വർദ്ധിപ്പിക്കുന്നതിനെകുറിച്ചുമുളള അറിവ് പരിമിതമാണ്.

- ഏഴ് തരം അർക്ക മഷ്രൂം ചമ്മന്തി പൊടികൾ ഔഷധ സസ്യങ്ങളായ ബ്രഹ്മി, മുരിങ്ങയില, പോഷക വിത്തുകളായ ചണവിത്ത്, എള്ള്, നിലക്കടല എന്നിവയും നാളികേരവും ചേർത്ത് പരമ്പരാഗത രുചിയും പോഷക ഗുണവും സംയോജിപ്പിച്ചവയാണ്
- ഏതൊരു പരമ്പരാഗത ഇന്ത്യൻ ഭക്ഷണത്തോടൊപ്പവും കഴിക്കാവുന്ന ഒരു പുതിയ ഉൽപ്പന്നമാണിത്
- റെഡി ടു ഈറ്റ് ഉൽപ്പന്നമായ ഈ പൊടി ഉച്ചയൂണിനൊപ്പമോ പ്രതിരോധ ഭക്ഷണമായോ ഉപയോഗിക്കാം
- വായു കടക്കാത്ത പാത്രങ്ങളിലോ കവറുകളിലോ അന്തരീക്ഷ ഊഷ്മാവിൽ (26.28°C) 3 മാസം വരെയും ശീതീകരിച്ച് കൂടുതൽ കാലവും സൂക്ഷിക്കാം
- വനിതകൾക്കും സ്വയം സഹായ സംഘങ്ങൾക്കും അംഗപരിമിതിയുള്ളവർക്കും മറ്റ് പുനരധിവാസപദ്ധതികളിലും ഇതൊരു സംരംഭകമായി ഏറ്റെടുക്കാം
- പോഷകാഹാര പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് വഴി പോഷണം വർധിപ്പിക്കുന്നതും ഗ്രാമീണ സ്ത്രീകളുടെയും യുദ്ധ വിധവകളുടെയും വികലാംഗരുടെയും വരുമാനത്തിനും ഉതകുന്നതിനാൽ ഈ സാങ്കേതികവിദ്യയ്ക്ക് വലിയ പ്രാധാന്യമുണ്ട്


കൂൺ മുരിങ്ങയില ചമ്മന്തിപൊടി


കൂൺ നിലക്കടല ചമ്മന്തിപൊടി


കൂൺ നാളികേര ചമ്മന്തിപൊടി


കൂൺ ചണവിത്ത് ചമ്മന്തിപൊടി


കൂൺ വെളുത്ത എള്ള് ചമ്മന്തിപൊടി


കൂൺ ബ്രഹ്മി ചമ്മന്തിപൊടി


കൂൺ കറുത്ത എള്ള് ചമ്മന്തിപൊടി

## 100 ഗ്രാം അർക്ക മഷ്രൂം ഫോർട്ടിഫൈഡ് ചട്ണിപൊടിയുടെ പോഷകാഹാര വിശകലനം

| പോഷക ഘടകം | ചമ്മന്തി പൊടി | | | | | | |
|---|---|---|---|---|---|---|---|
| | കൂൺ നാളികേര | കൂൺ നിലക്കടല | കൂൺ വെളുത്ത എള്ള് | കൂൺ കറുത്ത എള്ള് | കൂൺ ചണവിത്ത് | കൂൺ മുരിങ്ങ | കൂൺ ബ്രഹ്മി |
| പ്രോട്ടീൻ (g) | 16.62 | 27.56 | 28 | 25.59 | 19.25 | 1.31 | 11.31 |
| അന്നജം (g) | 35.61 | 17.536 | 18.31 | 23.11 | 19.99 | 28 | 0.007 |
| കൊഴുപ്പ് (g) | 10.54 | 14.92 | 18.55 | 17.23 | 13.67 | 6.71 | 1.47 |
| നാര് (g) | 9.60 | 14.37 | 11.13 | 13.58 | 15.87 | 11.38 | 0.377 |
| ഫോസ്ഫറസ് (g) | 0.365 | 0.44 | 0.565 | 0.605 | 0.45 | 0.007 | 0.133 |
| പൊട്ടാസ്യം (g) | 1.54 | 1.15 | 1.14 | 1.585 | 1.495 | 1.11 | 243 |
| കാൽസ്യം (g) | 0.230 | 0.380 | 0.325 | 0.125 | 0.13 | 0.336 | 20.80 |
| മഗ്നീഷ്യം (mg) | 90 | 100 | 140 | 115 | 145 | 170 | 9.95 |
| അയൺ (ppm) | 76.5 | 104 | 129 | 131.5 | 110.5 | 99.53 | 82.50 |
| മാംഗനീസ് (ppm) | 37.5 | 16 | 16 | 17 | 17 | 15.23 | 20.55 |
| കോപ്പർ (ppm) | 8 | 4.5 | 7.5 | 10 | 6 | 8.96 | 9.95 |
| സിങ്ക് (ppm) | 12 | 52 | 66.5 | 62 | 51.5 | 39.16 | 83.05 |

## അർക്ക മഷ്രൂം ന്യൂട്രി ധാന്യ ബിസ്കറ്റ്

- ഉണങ്ങിയ എൽമ് ചിപ്പിക്കൂണും (ഹിപ്സിസൈഗസ് അൽമേറിയസ്) 5 വ്യത്യസ്ത ചെറുധാന്യ (അരിച്ചോളം, തിന, ബജ്റ, ചോളം, കൂവരക്, ചാമ) പൊടികളും ചേർത്തുണ്ടാക്കുന്ന ബിസ്കറ്റുകളാണിവ
- കൂണും ചെറുധാന്യങ്ങളും അവയുടെ ഔഷധഗുണത്തിന് പേരുകേട്ടതാണ്. സംയുക്താഹാരരീതി ഭക്ഷണ പ്ലേറ്റ് വൈവിധ്യവത്കരിക്കാനും സമീകൃത പോഷകാഹാരം നേടാനുമുള്ള പ്രധാന മാർഗമാണ്
- കൂൺ, ചെറുധാന്യം എന്നിവയുടെ പോഷക ഗുണവും രുചിയും സംയോജിപ്പിച്ചെടുത്ത ഉല്പന്നമാണ് ഈ ബിസ്കറ്റുകൾ
- ഈ ഉൽപ്പന്നങ്ങളുടെ ഉത്പാദനത്തിലൂടെ സംരംഭകത്വ വികസനത്തിനും സഹായിക്കും

## മഷ്രൂം ധാന്യ ബിസ്കറ്റുകളുടെ പോഷകാഹാര വിശകലനം

| പോഷക ഘടകം | മഷ്രൂം ചെറുധാന്യ ബിസ്കറ്റ് | | | | |
|---|---|---|---|---|---|
| | ചാമ + കൂൺ | ബജ്റ + കൂൺ | ചോളം + കൂൺ | കൂവരക് + കൂൺ | അരിച്ചോളം + കൂൺ |
| പ്രോട്ടീൻ (g) | 15.89 | 15.02 | 14 | 14 | 13.56 |
| കൊഴുപ്പ് (g) | 26.34 | 27.60 | 31.87 | 31.33 | 39.1 |
| അന്നജം (g) | 34.71 | 50.65 | 48.15 | 42.47 | 49.16 |
| ഊർജം (Kcal) | 439.46 | 511.08 | 535.43 | 507.85 | 602.78 |
| നാര് (g) | 3.9 | 3.45 | 3.12 | 3.68 | 3.38 |
| ഫോസ്ഫറസ് (g) | 270 | 240 | 210 | 210 | 270 |
| പൊട്ടാസ്യം (g) | 530 | 560 | 540 | 540 | 570 |
| കാൽസ്യം (g) | 660 | 290 | 710 | 370 | 560 |
| മഗ്നീഷ്യം (mg) | 620 | 270 | 550 | 280 | 480 |
| അയൺ (ppm) | 0.57 | 0.436 | 0.463 | 0.57 | 0.61 |
| മാംഗനീസ് (ppm) | 4.53 | 4.44 | 4.01 | 3.84 | 4.12 |
| കോപ്പർ (ppm) | 6.00 | 6.18 | 6.43 | 6.95 | 7.91 |
| സിങ്ക് (ppm) | 0.99 | 1.19 | 0.70 | 8.75 | 9.20 |



അർക്ക മഷ്റൂം കമ്പ് (ബജ്റ) ബിസ്കറ്റ്



അർക്ക മഷ്റൂം ചാമ ബിസ്കറ്റ്



അർക്ക മഷ്റൂം അരിച്ചോളം ബിസ്കറ്റ്



അർക്ക മഷ്റൂം കൂവരക് ബിസ്കറ്റ്



അർക്ക മഷ്റൂം ചോളം ബിസ്കറ്റ്

# ICAR-IIHR വികസിപ്പിച്ച മറ്റ് കൂൺ മൂല്യവർധിത ഉത്പന്നങ്ങൾ


മഷ്റൂം മോമോസ്


മഷ്റൂം റാഗി ബോൾ & സാമ്പാർ


ചിപ്പിക്കൂൺ അച്ചാർ


മഷ്റൂം ഹെൽത്ത് ഡ്രിങ്ക്


പാൽക്കൂൺ അച്ചാർ



മഷ്റൂം സൂപ്പ്


മഷ്റൂം പുളിയോഗ്രെ പൊടി


മഷ്റൂം കഞ്ഞി


**കൂൺ സാങ്കേതികവിദ്യകൾ ലൈസൻസ് എടുക്കുവാൻ ബന്ധപ്പെടുക**

Institute Technology Management Unit

ICAR-Indian Institute of Horticultural Research, Hessaraghatta Lake P.O.

Bengaluru – 560089 , Email : itmu.iihr@icar.gov.in

Contact No.: 080 – 23086100 , Extn.: 431

**കൂൺവിത്ത് ബുക്കിംഗിന് ബന്ധപ്പെടേണ്ട ഫോൺ നംബർ**

Mobile No: 7090949605, Tel. No. 080 – 23086100 , Extn.: 347, 348, 349

Email : mushroomiihr@gmail.com

Website : www.iihr.res.in/mushroom



**Compiled and Edited By :** Dr. Chandrashekara C.

**Contributors :** Dr. G. Senthil Kumaran, Dr. Meera Pandey & Dr. Chandrashekara C.

**Malayalam Translation:** Dr. Anushma P. L.

**Printing Funded By:** AICRP on Mushroom

പ്രസിദ്ധീകരണം : ഡയറക്ടർ

ICAR–ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച്

ഹെസറഘട്ട ലെയ്ക്ക് പോസ്റ്റ്, ബെംഗളൂരു–560089, ഇന്ത്യ

ഫോൺ: 080 23086100

ഇ–മെയിൽ: director.iihr@icar.gov.in വെബ്സൈറ്റ്: www.iihr.res.in

June 2024


